**2) <u>22.02.2017 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 478-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി
4) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 73/2016-17</u>**

*27.01.2017 വെള്ളിയാഴ്ച കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

27.01.2017-ൽ കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 74/2016-17</u>**

*04.03.2016 - ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്.*

04.03.2016-ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 75/2016-17</u>**

*ജിസിഡിഎ - റവന്യൂ വിഭാഗം - കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിൽ സിബിസിഐഡിയ്ക്ക് വാടകയ്ക്ക് നൽകിയിരുന്ന കടമുറികളുടെ വാടകകുടിശികയിൽ നിന്നും പിഴപലിശ ഒഴിവാക്കുന്നത്, കെട്ടിടനികുതി അടവാക്കുന്നത് എന്നിവ - സംബന്ധിച്ച്. (നം. 8512/സി17/എഫ്.3106-08 ജി.3101-04/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിലെ എഫ് 3106-08, ജി-3101-04 നമ്പർ കടമുറികൾ വാടകയ്ക്ക് നൽകിയിരുന്ന സിബിസിഐഡിയുമായിട്ടുള്ള വാടക കരാറിലെ നിബന്ധന 2 വ്യവസ്ഥ 4 പ്രകാരം അലോട്ടി ഉപയോഗിച്ചിരുന്ന കാലയളവിലെ കെട്ടിടനികുതി, പിഴപലിശ എന്നിവ സിബിസിഐഡി തന്നെ അടക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**<u>4. തീരുമാനം നമ്പർ 76/2016-17</u>**

*ജിസിഡിഎ - റവന്യൂ (സിസി) - ചേരിനിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി - സ്ലം വീട് നം.118 - നിരാക്ഷേപ പത്രം നൽകുന്നത്-സംബന്ധിച്ച്. (നം.സി11/5319/റവന്യൂ(സിസി)/എച്ച്നം.118/റ്റി.കെ.സി/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരിനിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നം.118 ശ്രീമതി.മേരിക്ക് വീടിന്റെ ആധാരം തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**<u>5. തീരുമാനം നമ്പർ 77/2016-17</u>**

*ജിസിഡിഎ - റവന്യൂ വിഭാഗം - രാജേന്ദ്ര മൈതാനം - ലേസർ ഷോ നിയമോപദേശം തേടുന്നത് - സംബന്ധിച്ച്. (നം. സി18/231/ലേസർ/2015/ജി.സി.ഡി.എ.)*

രാജേന്ദ്ര മൈതാനത്ത് സ്ഥാപിച്ചിട്ടുള്ള ലേസർ ഷോ പദ്ധതിയുടെ കരാറുകാരായ ലേസർ ടെകുമായി ഒപ്പു വച്ചിട്ടുള്ള കരാർ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടുന്നതിനും ഷോ സംബന്ധിച്ച് വിദഗ്ദ്ധ അഭിപ്രായം തേടികൊണ്ട് തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**<u>6. തീരുമാനം നമ്പർ 78/2016-17</u>**

*ജിസിഡിഎ - ജീവനക്കാര്യം-ശ്രീ.രാജേഷ് രാജപ്പൻ, ക്ലർക്ക്- മിലിട്ടറി സേവനം കൂടി കണക്കാക്കി സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്. (നം. 5930/എസ്റ്റാ.2/2015/ജി.സി.ഡി.എ.)*

18 വർഷത്തെ മിലിട്ടറി സേവനത്തിന് ശേഷം 07.11.2016-ൽ അതോറിറ്റിയിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രാജേഷ് രാജപ്പന് 20.01.2016-ലെ സ.ഉ(പി) നം.7/2016/ഫിൻ പ്രകാരം അനുവദനീയമായ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**<u>7. തീരുമാനം നമ്പർ 79/2016-17</u>**

*ജിസിഡിഎ - ജീവനക്കാര്യം- ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത് - സാധൂകരണം സംബന്ധിച്ച്. (നം. 7946/എസ്റ്റാ.2/2015/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയിൽ ജീവനക്കാരുടെ വിരമിക്കൽ, സ്ഥാനക്കയറ്റം, വിടുതൽ മൂലമുണ്ടായ ഒഴിവുകളിൽ നടത്തിയ സ്ഥിര-താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 80/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അതോറിറ്റിയുടെ ഭീമമായ ആദായ നികുതി ഡിമാന്റ്-ആദായനികുതി ഒഴിവാക്കി ഉത്തരവ് ലഭ്യമാക്കുന്നതിന് ടാക്സ് സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന വിദഗ്ധനായ വക്കീലിന്റെ സേവനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 2547/എഫ്.ബി1/2014/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. ജിസിഡിഎ-യ്ക്ക് സമാനമായ അതോറിറ്റികൾക്ക് ആദായനികുതി ഇളവ് സംബന്ധിച്ച് അനുകൂലമായ കോടതി വിധികൾ ലഭ്യാമയിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആദായനികുതി ഇളവ് നൽകുന്നതും പരിഗണിച്ച് അതോറിറ്റിയുടെ ആദായനികുതിയിളവ് പുന:സ്ഥാപിച്ച് കിട്ടുന്നതിന് സ്വീകരിച്ച നിയമനടപടി സാധൂകരിക്കുന്നതിനും അപ്പീൽ നടപടി, കോടതി തുടർനടപടികൾ എന്നിവയ്ക്കായി അഡ്വ.അനിൽ.ഡി.നായർ-നെ ചുമതലപ്പെടുത്തുന്നതിനും ടാക്സ് തുകകളുടെ 15 % അടവാക്കുന്നതിനും തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 81/2016-17**

*ജിസിഡിഎ - നിയമവിഭാഗം- ലീഗൽ അഡ്വൈസർ - താത്ക്കാലിക നിയമനം നൽകുന്നത്- സംബന്ധിച്ച്. (നം. 595/എൽ.ഒ/2017/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ കേസുകളുടെ എണ്ണത്തിലും നിയമോപദേശം തേടുന്ന വിഷയത്തിലും ഉണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ഒരു ലീഗൽ അഡ്വൈസറെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിനും തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 82/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- മട്ടാഞ്ചേരി ബി.ഒ.ടി പാലത്തിന്റെ പരിപാലനം 'SMS Agencies' എന്ന സ്ഥാപനത്തിന് നൽകിയത് സംബന്ധിച്ചുള്ള നടപടി സാധൂകരിക്കുന്നത്- സംബന്ധിച്ച്. (നം. ഇ2/3571/2014/ജി.സി.ഡി.എ.)*

മട്ടാഞ്ചേരി പാലത്തിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ച് കൊണ്ട് പാലത്തിന്റെ പരിപാലനം നിർവ്വഹിക്കുന്നതിന് 'SMS Agencies' എന്ന സ്ഥാപനത്തിന് 31.03.2017 വരെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 83/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പെയിന്റിംഗ് - എസ്റ്റിമേറ്റ് അംഗീകരിച്ച്, ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച്. (നം. ഇ2/3507/2016/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ.എസ് ഫിഫ അണ്ടർ-17 വേദികളിലൊന്നായി തെരഞ്ഞെടുത്തതിനോടനുബന്ധിച്ച് സ്റ്റേഡിയം പെയിന്റിംഗിനായുള്ള 2,10,00,000/-

രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ടെണ്ടർ വിളിച്ച് പ്രവൃത്തി ചെയ്യിക്കുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 84/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- അന്യത്ര സേവന വ്യവസ്ഥയിൽ അതോറിറ്റിയിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.നിഷ.ടി.കെ, എൽ.ഡി.ടൈപ്പിസ്റ്റിന്റെ അന്യത്ര സേവനകാലം ദീർഘിപ്പിച്ചു നൽകിയത്- നിർവ്വാഹക സമിതിയുടെ സാധൂകരണം ലഭിക്കുന്നത് - സംബന്ധിച്ച്.*
*(നം. 2969/എസ്റ്റാ.2/2013/ജി.സി.ഡി.എ.)*

അന്യത്ര സേവനവ്യവസ്ഥയിൽ അതോറിറ്റിയിൽ എൽ.ഡി.ടൈപ്പിസ്റ്റായി ജോലി ചെയ്തു വരുന്ന ശ്രീമതി.നിഷ.ടി.കെയ്ക്ക് ജി.ഒ(ആർടി) നമ്പർ 3405/2016/എൽ.എസ്.ജി.ഡി തീയതി 14.12.2016 പ്രകാരം സേവനകാലാവധി 08.08.2016 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 85/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ഫിഫ അണ്ടർ-17 ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തി സംബന്ധിച്ച്.*
*(നം.ഇ2/2800/2016/ ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 ലോകകപ്പ് മത്സരങ്ങൾ ഒക്ടോബർ 2017-ൽ തന്നെ നടക്കേണ്ടതിനാലും നവീകരണ പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ വേദി കൊച്ചിക്ക് നഷ്ടപ്പെട്ടേക്കാം എന്ന സാഹചര്യം കണക്കിലെടുത്തും ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് PWD, CPWD, MES etc എന്നിവിടങ്ങളിൽ ബി ലൈസൻസെങ്കിലുമുള്ളവരും + 2.5 കോടിയുടെ ഒറ്റ പ്രവൃത്തി അല്ലെങ്കിൽ മേൽ ലൈസൻസ് + 1 കോടിയുടെ മൂന്ന് പ്രവൃത്തി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൂർത്തീകരിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 86/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- സൂപ്രണ്ട് തസ്തികയിൽ ആനുപാതിക ഹയർ ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നതിന് ബഹു. സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് അപേക്ഷിക്കുന്നത്. - സംബന്ധിച്ച്. (നം. 6552/എസ്റ്റാ.2/2013/ജി.സി.ഡി.എ.)*

20.01.2016-ലെ പത്താംശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ സൂപ്രണ്ട് തസ്തികയിൽ അനുവദനീയമായ ആനുപാതിക ഹയർ ഗ്രേഡ് പ്രമോഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അതോറിറ്റിയിലെ സൂപ്രണ്ടുമാർക്കും

അനുവദിക്കുന്നതിന് മുൻകൂർ സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 87/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- ജിസിഡിഎയിൽ സീനിയർ ക്ലർക്കുമാരായി ജോലി ചെയ്തു വരുന്ന 2 ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചത് - സംബന്ധിച്ച്. (നം. 6204/എസ്റ്റാ.2/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചതു പ്രകാരം അതോറിറ്റിയിലെ സീനിയർ ക്ലർക്കുമാരായ ശ്രീ.സജി.എസ്.രാജ്, ശ്രീ.എസ്.ശ്രീകുമാർ എന്നിവർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 88/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയാകളുടെ ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നതിനു ഈടാക്കി വരുന്ന ഇ.എം.ഡി തുക വർദ്ധിപ്പിച്ചത് - സാധൂകരണം - സംബന്ധിച്ച്. (നം. 7307/എസ്റ്റേറ്റ്/ബി3/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളുടെ ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നതിന് ഈടാക്കി വരുന്ന ഇ.എം.ഡി തുക 30,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 89/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളുടെ മുൻവശത്തുള്ള പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനു 20.10.2016-ൽ നടന്ന ടെണ്ടർ/ലേലം നടപടികൾ - സാധൂകരണം - സംബന്ധിച്ച്. (നം. 943/എസ്റ്റേറ്റ്/ബി3/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളുടെ മുൻവശത്തുള്ള പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 20.10.2016-ൽ നടന്ന ടെണ്ടർ/ലേലം നടപടികൾ പ്രകാരം താഴെ പറയുന്ന കക്ഷികൾക്ക് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ.ഡി.ശിശുപാലൻ - ഹെലിപ്പാഡിന് തെക്കുവശം മറൈൻഡ്രൈവ് ഗ്രൗണ്ട് (സുരേന്ദ്രൻ തറയിലിന് അനുവദിച്ച സ്ഥലത്തിന്റെ വടക്കുഭാഗം)- 35,10,000/- രൂപ.

2. ശ്രീ.ഷഹീർ.കെ.എ - ഹോളിഡേ വെൻച്വറിന് മുൻവശം - 4,72,000/- രൂപ.

**18. തീരുമാനം നമ്പർ 90/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളുടെ മുൻവശത്തുള്ള പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനു 13.12.2016-ൽ നടന്ന ടെണ്ടർ/ലേലം നടപടി ക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്.*
*(നം. 7307/എസ്റ്റേറ്റ്/ബി3/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളുടെ മുൻവശത്തുള്ള പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 13.12.2016-ൽ നടന്ന ടെണ്ടർ/ലേലത്തിൽ പങ്കെടുത്ത താഴെ പറയുന്നവർക്ക് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ.എം.ജി.പ്രശാന്ത് - കൊച്ചി മറൈൻഡ്രൈവ് വാണിജ്യ സമുച്ചയത്തിനു മുൻവശം - 10,10,000/- രൂപ.
2. ശ്രീ.വി.കെ.പ്രദീപ് - പയനിയർ ടവറിന് മുൻവശം - 3,62,000/- രൂപ.
3. ശ്രീ.വി.ബി.ഉണ്ണികൃഷ്ണൻ - ജിസിഡിഎ ഓഫീസിന് വടക്കുഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് പരിസരം - 2,37,333/- രൂപ.
4. ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - ചേംബർ ഓഫ് കൊമേഴ്സിന് മുൻവശം - 31,111/- രൂപ.

**19. തീരുമാനം നമ്പർ 91/2016-17**

*ജിസിഡിഎ - റവന്യൂ (സിസി)-ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി- സ്ലം വീട് നം.33- നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി11/റവന്യൂ(സിസി)/റ്റി.കെ.സി/എച്ച്.നം.33/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസാൻ കോളനി സ്ലം വീട് നം.33-ന്റെ അലോട്ടിയായ ശ്രീമതി.ഷീബ ലോഹിതാക്ഷന് വീടിന്റെ ആധാരം പണയപ്പെടുത്തി ബാങ്കിൽ നിന്നും ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 92/2016-17**

*ജിസിഡിഎ - ഭരണവിഭാഗം- ശ്രീമതി.നിതാ രാമചന്ദ്രൻ (അസി.ഗ്രേഡ് I) ഭർത്താവിനോടൊപ്പം വിദേശത്ത് താമസിക്കു ന്നതിന് തുടർന്നും ശൂന്യവേതനാവധി അനുവദിക്കണമെന്ന അപേക്ഷ - സംബന്ധിച്ച്. (നം. 576/എസ്റ്റാ.2/2005/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ അസി.ഗ്രേഡ് I ആയി ജോലിയിലിരുന്ന ശ്രീമതി.നിതാ രാമചന്ദ്രന് കെ.എസ്.ആർ അനുബന്ധം 12 (സി) പ്രകാരം 10.03.2016 മുതൽ അഞ്ച് വർഷത്തേക്ക് കൂടി ഭർത്താവിനോടൊപ്പം വിദേശത്ത് താമസിക്കുന്നതിന് ശൂന്യവേതനാവധി അനുവദിക്കുന്ന തിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 93/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- കലൂർ സ്റ്റേഡിയം കിഴക്കുഭാഗം- മെ.ക്രെഡായ് കൊച്ചിക്ക് പ്രോപ്പർട്ടി എക്സ്പോ നടത്തുന്നതിന് തീയതിയിൽ മാറ്റം വരുത്തി അനുവദിക്കുന്നതിന് 20% തുക കണ്ടു കെട്ടുന്നത് - സംബന്ധിച്ച്.*
*(നം. 5613/എസ്റ്റേറ്റ്/എ3/2016/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 94/2016-17**

*ജിസിഡിഎ - ആസൂത്രണ വിഭാഗം- വിവിധ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, പ്രിന്റിംഗ്, ജംബോ കോപി എന്നിവയ്ക്കായി മെ.സ്പെഡ്സ് കാഡുമായി കരാർ വച്ചത് സാധൂകരണം - സംബന്ധിച്ച്. (നം. 4486/പിഎൽ.1/2005/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ ആസൂത്രണ വിഭാഗത്തിലെ വിവിധ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, പ്രിന്റിംഗ് മുതലായ ജോലികൾ ചെയ്യുന്നതിന് 4.8.16 ൽ ക്വട്ടേഷൻ ക്ഷണിച്ച് മെ.സ്പ്രെഡ്സ് കാഡുമായി കരാർ വച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 95/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- ശ്രീ.സുനിൽ.എസ്, സീനിയർ ക്ലർക്കിന്റെ അന്യത്ര സേവനകാലം ദീർഘിപ്പിച്ചു നൽകുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയത് - നിർവ്വാഹക സമിതിയുടെ സാധൂകരണം ലഭിക്കുന്നത് - സംബന്ധിച്ച്.*
*(നം. 6222/എസ്റ്റാ.2/2012/ജി.സി.ഡി.എ.)*

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന അതോറിറ്റിയിലെ സീനിയർ ക്ലർക്ക് ശ്രീ.എസ്.സുനിലിന്റെ അന്യത്രസേവന കാലാവധി 07.12.2016 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 96/2016-17**

*ജിസിഡിഎ - റവന്യൂ വിഭാഗം- കടമുറി നമ്പർ.3 - എളംകുളം വെസ്റ്റ് എക്സറ്റൻഷൻ സ്കീം - കസ്തൂർബ നഗർ തീപിടുത്തം - വാടകയിളവു നൽകുന്നത് - സംബന്ധിച്ച്. (നം. 11706/സി4/2002/ജി.സി.ഡി.എ.)*

എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീമിലെ ഷോപ്പിംഗ് സെന്ററിലെ കടമുറി നം. 3-ൽ 17.06.2016ന് രാത്രി ഷോർട്ട് സർക്ക്യൂട്ട് മൂലം തീ പിടിത്തമുണ്ടായത് പരിഗണിച്ച് 6 മാസത്തേക്ക് 50% വാടകയിളവ് നൽകുന്നതിനും മറ്റ് ആവശ്യങ്ങൾ അംഗീകരിക്കേണ്ട തില്ലെന്നും തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 97/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- സി.എം.ഡി.എസ്സ് - ഒ.എസ്സ്-61 - വാടകയ്ക്ക് അനുവദിച്ചത് സാധൂകരണത്തിന് -സംബന്ധിച്ച്.(നം. 3295/എസ്റ്റേറ്റ്/ബി2/2015/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 98/2016-17**

*ജിസിഡിഎ - റവന്യൂ (സിസി)-ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി- സ്ലം വീട് നം.94- നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്. (നം. സി11/4711/ എച്ച്.നം.94/റ്റി.കെ.സി/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നം.94-ന്റെ അലോട്ടിയായ ശ്രീ. സണ്ണി വറീത് കുട്ടിക്ക് വീടിന്റെ ആധാരം തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 99/2016-17**

*ജിസിഡിഎ - റവന്യൂ (സിസി)-ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി- സ്ലം വീട് നം.1- നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്. (നം. സി11/3954/റവന്യൂ(സിസി)/റ്റി.കെ.സി/എച്ച്.നം.1/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നം.1-ന്റെ അലോട്ടിയായ ശ്രീമതി. തങ്കമ്മയ്ക്ക് വീടിന്റെ ആധാരം തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 100/2016-17**

*ജിസിഡിഎ -എസ്റ്റേറ്റ് വിഭാഗം- സി.എം.ഡി.എസ്സ് - ഒ.എസ്സ് -50 വാടകയ്ക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. 5023/എസ്റ്റേറ്റ്/ബി2/2016/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**29. തീരുമാനം നമ്പർ 101/2016-17**

*ജിസിഡിഎ -പൊതുഭരണ വിഭാഗം- ശ്രീമതി.രമാദേവി, സെക്ഷൻ ഓഫീസർക്ക് അവധി യാത്രാബത്ത(എൽ.റ്റി.സി) അനുവദിച്ച് നൽകിയത്- സാധൂകരണം - സംബന്ധിച്ച്. (നം. 71/ജി3/2016/ ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**30. തീരുമാനം നമ്പർ 102/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- രാമേശ്വരം വെസ്റ്റ് സംയോജിത പാർപ്പിട പദ്ധതിയിലെ എ,ബി,സി വിഭാഗം വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി ഉപേക്ഷിച്ചതു മൂലം അപേക്ഷകർക്ക് രജിസ്ട്രേഷൻ തുക തിരികെ നൽകുന്നത് - സംബന്ധിച്ച്.*
*(നം. 877/എസ്റ്റേറ്റ്/ബി1/2010/ ജി.സി.ഡി.എ.)*

രാമേശ്വരം വെസ്റ്റ് സംയോജിത പാർപ്പിട പദ്ധതി പ്രകാരം എ,ബി,സി വിഭാഗം വീടുകളുടെ നിർമ്മാണ പദ്ധതി ഉപേക്ഷിച്ചതിനാൽ അപേക്ഷകൾക്ക് രജിസ്ട്രേഷൻ ഫീസായി അടച്ച തുക മാത്രം ഇനി റീഫണ്ട് നൽകിയാൽ മതിയെന്ന് തീരുമാനിച്ചു.

**31. തീരുമാനം നമ്പർ 103/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- കേരളാ ബാംബൂ ഫെസ്റ്റ് 2016- വാടക ഇളവ് നൽകുന്നത് - സംബന്ധിച്ച്. (നം. 7850/എസ്റ്റേറ്റ്/എ3/2015/ ജി.സി.ഡി.എ.)*

കേരള ബാംബൂ ഫെസ്റ്റ് 2016 നടത്തുന്നതിന് നവംബർ 24 മുതൽ ഡിസംബർ 8 വരെ മറൈൻഡ്രൈവ് മൈതാനം അനുവദിച്ചതിന് വാടകയിനത്തിൽ ഈടാക്കിയ 6 ലക്ഷം രൂപയിൽ 2014-ലെ വാടക വർദ്ധനവിന് മുമ്പുള്ള നിരക്ക് പ്രകാരം അനുവദിക്കുക യാണെങ്കിൽ തിരികെ നൽകേണ്ട 1 ലക്ഷം രൂപയുടെ പകുതി (50,000/-രൂപ) കുറച്ചു കൊടുക്കുന്നതിന് തീരുമാനിച്ചു.

**32. തീരുമാനം നമ്പർ 104/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ജിസിഡിഎ ഓഫീസ് ലിഫ്റ്റിന്റെ എ.എം.സി കാലാവധി ദീർഘിപ്പിച്ച നടപടി സാധൂകരിക്കുന്നതു സംബന്ധിച്ച്.*
*(നം. ഇ1/4518/2012/ ജി.സി.ഡി.എ.)*

ജിസിഡിഎ ഓഫീസ് ലിഫ്റ്റിന്റെ എ.എം.സി കാലാവധി M/s Zion Elevators കമ്പനിക്ക് 29.06.2017 വരെ 58,500 + 15% സർവ്വീസ് ടാക്സ് നിരക്കിൽ നീട്ടി നൽകുകയും കരാർ വയ്ക്കുകയും ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**33. തീരുമാനം നമ്പർ 105/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം- പത്താംശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പള കുടിശ്ശിക അതോറിറ്റിയിലെ ജീവനക്കാർക്ക് നൽകുന്നത് സംബന്ധിച്ച്.*
*(നം. 4661/എഫ്ബി5/2013/ ജി.സി.ഡി.എ.)*

20.01.2016-ലെ പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരമുള്ള (1.7.14 മുതൽ 31.1.16 വരെ) ശമ്പള കുടിശ്ശിക 19.5.16-ലെ സർക്കാർ സർക്കുലർ നം.46/2016/ഫിൻ പ്രകാരം 2017 ഏപ്രിൽ മുതൽ 4 തുല്യ തവണകളായി ബാധകമായ പലിശ സഹിതം അതോറിറ്റി ജീവനക്കാർക്ക് നൽകുന്നതിന് തീരുമാനിച്ചു.

**34. തീരുമാനം നമ്പർ 106/2016-17**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് ഗ്രൗണ്ടിനോട് ചേർന്ന് ടൂർഫെഡ്ഡിന് സമീപം സ്പേസ് 3-ൽ പോർട്ടബിൾ ബങ്ക് നിർമ്മിച്ച് നടത്തുന്നതിനുള്ള അവകാശം ശ്രീമതി. പ്രസന്ന പതാപന് അനുവദിച്ച നടപടി സാധൂകരണം - സംബന്ധിച്ച്. (നം.534/എസ്റ്റേറ്റ്/ബി-3/2015/ജി.സി.ഡി.എ. (പാർട് ഫയൽ))*

മറൈൻഡ്രൈവ് ഗ്രൗണ്ടിനോട് ചേർന്ന ടൂർഫെഡിന് സമീപം സ്പേസ്- 3 ൽ പോർട്ടബിൾ ബങ്ക് നിർമ്മിച്ച് നടത്തുന്നതിനുള്ള അവകാശം ശ്രീമതി.പ്രസന്ന പ്രതാപന് അനുവദിച്ചതിൽ sublet ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് അടുത്ത കമ്മിറ്റിയിൽ തീരുമാനിക്കുന്നതിന് മാറ്റിവച്ചു.

**35. തീരുമാനം നമ്പർ 107/2016-17**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - ശ്രീമതി. ബീന എൻ. ക്ലർക്കിന് ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്. (നം.480/ജി-2/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ ക്ലർക്ക് ശ്രീമതി.ബീന.എൻ- ന് തന്റെ പിതാവിന്റെ ചികിത്സക്കായി ചെലവായ തുകയിൽ അർഹമായ 7,314/- രൂപ റീഇംപേഴ്സ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**36. തീരുമാനം നമ്പർ 108/2016-17**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - ചിലവന്നൂർ ബണ്ട് റോഡ് സ്കീം - ശ്രീ. പി.കെ. ജോസഫിന്റെ ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്. (നം.2435/എസ്റ്റേറ്റ്/എ-1/2016/ജി.സി.ഡി.എ.)*

ചിലവന്നൂർ ബണ്ട് റോഡ് വികസനത്തിനായി പൂണിത്തുറ വില്ലേജ് സർവ്വേ നം. 1083/1-ൽപ്പെട്ട 0.50 ആർ സ്ഥലം ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച സെന്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ ശ്രീ.പി.കെ.ജോസഫിൽ നിന്നും ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

**37. തീരുമാനം നമ്പർ 109/2016-17**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - AY 2014-15 - ആദായ നികുതി ഡിമാന്റിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് - പ്രൊഫഷണൽ ഫീ നൽകുന്നത് - സംബന്ധിച്ച്. (നം.2547/എഫ്.ബി.1/14/ജി.സി.ഡി.എ.)*

AY 2014-15 - ആദായ നികുതി ഡിമാന്റിനെതിരെ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തതിന് പ്രൊഫഷണൽ ഫീ ഇനത്തിൽ 50,000/- രൂപ അഡ്വ.അനിൽ.ഡി.നായർക്ക് നൽകുന്നതിന് തീരുമാനിച്ചു.

**38. തീരുമാനം നമ്പർ 110/2016–17**

*ജി.സി.ഡി.എ. – നിയമ വിഭാഗം – അതോറിറ്റി സ്റ്റാന്റിംഗ് കൗൺസിലുകൾക്ക് സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 36/16/ത.സ്വ.ഭ.വ. തീയതി 18.02.2016 പ്രകാരം വക്കീൽ ഫീസ് വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.*
*(നം.9394/എൽ.ഒ./2004/ജി.സി.ഡി.എ.)*

അതോറിറ്റി സ്റ്റാന്റിംഗ് കൗൺസിലുകൾക്ക് 2017 ഏപ്രിൽ 1 മുതൽ വക്കീൽ ഫീസ് 10,000/- രൂപയായി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**39. തീരുമാനം നമ്പർ 111/2016–17**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ജെ.എൻ.ഐ. സ്റ്റേഡിയം – ചെയർ സ്ഥാപിക്കുന്ന പ്രവൃത്തി സാധൂകരണം – സംബന്ധിച്ച്. (നം.ഇ.2/2558/2016/ജി.സി.ഡി.എ.)*

വിഷയം കമ്മിറ്റി വിശദമായി പരിശോധിച്ചു. ദർഘാസ് എക്സ്റ്റെൻഡ് ചെയ്തു നൽകിയിട്ടും സാധുവായ ഒരു ടെണ്ടർ മാത്രം ലഭിച്ച സാഹചര്യത്തിൽ റീടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി